# പാലിയേറ്റീവ് കെയറിലെ കുട്ടി

ശ്രീരേഖ

പാലിയേറ്റീവ് കെയറിലെ, ജനാലയ്ക്കപ്പുറം വെയിൽ മങ്ങുന്ന
മുറിയുടെ ഭിത്തിയിൽ
കുട്ടി നീലാകാശവും വിമാനവും വരയ്ക്കുന്നു.
ഓരോ വരയിലും തേഞ്ഞുതേഞ്ഞു തീർന്നുപോകുന്ന
ചായപ്പെൻസിൽകൊണ്ട്
കുട്ടി ആകാശത്തിനു നീലച്ചായമിടുന്നു.

'നീലയും വെള്ളയും നിറമുള്ള ഒരു പുത്തനുടുപ്പ്
എനിക്കിടണമായിരുന്നു...'
കുട്ടി ആരോടെന്നില്ലാതെ പറഞ്ഞു.
മുറിക്കു പുറത്ത്
വൃദ്ധനായൊരു പാറാവുകാരനെപ്പോലെ
കുട്ടിയെ നോക്കിക്കൊണ്ടിരിക്കുന്ന മരണം
അതുകേട്ട് നിർവികാരനായി.

പിന്നീട് ചായപെൻസിലുകൾ നീലാകാശമായി
തേഞ്ഞുതീർന്നപ്പോൾ കുട്ടി തളർന്ന
കണ്ണുകളോടെ പറഞ്ഞു: 'എനിക്കു തണുക്കുന്നു.
എനിക്കൊന്നുറങ്ങണം.'
സിരകളിൽ വേദനാ സംഹാരികളുടെ
താരാട്ടിൽ അവനുറക്കം പിടിച്ചു.
ഒരു വെള്ളക്കോടിത്തുണിയുടെ പുത്തനുടുപ്പിച്ച്
അവൻ പുറത്തേയ്ക്കു പോയപ്പോൾ
വൃദ്ധനായ പാറാവുകാരൻ പിന്നെയും
നിർവികാരനായി.
ശ്മശാനത്തിൽ അതിവേഗം വളരുന്ന ചെടികൾ പോലെ
മറവി വേർപാടിനു മേലേ വളർന്നുകൊണ്ടിരുന്നു.
വെള്ളച്ചുവരിലെ നീലാകാശം
മങ്ങിമങ്ങിപ്പോയി.
കുട്ടിയെ ആരുമോർത്തില്ല.
അവന്റെയമ്മയൊഴികെ.
ഉറക്കത്തിൽ തന്റെ ശരീരത്തിനു മേലെ
ഒരാശ്രയമെന്നവണ്ണം പടർന്നിരുന്ന
ഒരു ചെറിയ വലതു കൈയുടെ ഓർമ്മ,
അവളുടെ കൺതടങ്ങൾക്കു താഴ
കറുത്ത ചായം തേച്ചുകൊണ്ടിരുന്നു.

• • • • • • • • • • •